നമ്പർ. NEP3- 6184/2009

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 29-9-2009

## സർക്കുലർ

വിഷയം : ഹൈസ്കൂൾ ക്ലാസ്സുകളിലെ 2009-10 അധ്യയനവർഷത്തെ അർദ്ധവാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 16.10.2008-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി-3/37917/05-ാം നമ്പർ സർക്കുലർ.

ഹൈസ്കൂൾ ക്ലാസുകളിലെ 2009-10 അധ്യയനവർഷത്തെ ഐ.ടി പ്രായോഗിക പരീക്ഷ നടത്തുന്നതിന് ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി പ്രായോഗിക പരീക്ഷ നടക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പ്രസ്തുത സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത്. 8, 9, 10 ക്ലാസുകളിൽ നടത്തേണ്ട ഐ.ടി പ്രായോഗിക പരീക്ഷകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു :

(1) ഐ.ടി പ്രായോഗിക പരീക്ഷ ഗ്നു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടക്കുന്നത്.

(2) കഴിഞ്ഞ അധ്യയനവർഷത്തെ മാതൃകയിൽ തന്നെയാണ് ഈ വർഷത്തെ ഐ.ടി പ്രായോഗിക പരീക്ഷയും നടത്തുന്നത്. പ്രായോഗിക പരീക്ഷകൾക്കുള്ള സ്കോറിനോ പാഠഭാഗങ്ങൾക്കോ വ്യത്യാസമില്ല.

i). അർദ്ധവാർഷിക പരീക്ഷക്കുവേണ്ടി വിതരണം ചെയ്യുന്ന സോഫ്റ്റ്‌വെയറിൽ 8, 9 ക്ലാസുകളിലെ വർഷാന്ത്യ പരീക്ഷക്കുള്ള ചോദ്യങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അർദ്ധവാർഷിക പരീക്ഷയ്ക്ക് നൽകുന്ന ഇൻവിജിലേറ്റർ കോഡ് ഉപയോഗിച്ച് അർദ്ധവാർഷിക പരീക്ഷ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

ii). വർഷാന്ത്യ പരീക്ഷക്കുള്ള ഇൻവിജിലേറ്റർ കോഡ് യഥാസമയം ഐ.ടി@സ്കൂൾ പ്രോജക്ടിൽനിന്ന് ലഭ്യമാക്കുന്നതാണ്.

iii). അർദ്ധവാർഷിക പരീക്ഷയ്ക്ക് സ്കൂളുകൾക്ക് നൽകുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ (സി.ഡി) പരീക്ഷ നടത്തിക്കഴിഞ്ഞശേഷം ഹെഡ്മാസ്റ്റർ ഭദ്രമായി വയ്ക്കേണ്ടതും വർഷാന്ത്യ പരീക്ഷക്ക് ഉപയോഗിക്കേണ്ടതുമാണ്.

iv). സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ പുറമേ പരസ്യപ്പെടുത്തുകയില്ലായെന്ന് ഉറപ്പുവരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മാസ്റ്റർമാർക്കാണ്.

(3) IT@School GNU/Linuxൽ പ്രവർത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ ഒക്ടോബർ 7-നുമുമ്പ് ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതാണ്.

(4) ജില്ലാ ഓഫീസുകളിൽ എത്തിക്കുന്ന പരീക്ഷാ സാധനങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെയ്യേണ്ടതാണ്. ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് ഇത് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

(5) ഐ.ടി പ്രായോഗിക പരീക്ഷാ ചോദ്യങ്ങൾ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതാണ്. ഇത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.education.kerala.gov.in -ൽ ലഭ്യമാകുന്നതാണ്.

(6) ഇൻവിജിലേറ്റർ കോഡും, എക്സാം കോഡും അതത് ജില്ലാ കോർഡിനേറ്റർക്കും മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർക്കും നൽകുന്നതാണ്. ഇത് പ്രഥമാധ്യാപകരുടെ യോഗത്തിൽ അതത് സ്കൂളുകൾക്ക് നൽകേണ്ടതാണ്.

(7) അർദ്ധവാർഷിക ഐ.ടി പ്രായോഗിക പരീക്ഷ 2009 ഒക്ടോബർ 7-ന് തുടങ്ങി ഒക്ടോബർ 31-നുമുമ്പ് പൂർത്തിയാക്കേണ്ടതാണ്.

(8) അർദ്ധവാർഷിക ഐ.ടി പ്രായോഗിക പരീക്ഷക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(9) ഓരോ ക്ലാസിലെയും ഐ.ടി പ്രായോഗിക പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർഷീറ്റിന്റെ പ്രിന്റൗട്ടും ഓരോ വിദ്യാർത്ഥിയും പരീക്ഷയ്ക്ക് ചെയ്ത പ്രവർത്തനങ്ങൾ പകർത്തിയ സി.ഡിയുടെ ഒരു കോപ്പിയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂൾ ഐ.ടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് പരിശോധനക്കും വിലയിരുത്തലിനുമായി സമർപ്പിക്കേണ്ടതാണ്. ഐ.ടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർട്രെയിനർ കോർഡിനേറ്റർമാർ വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രസ്തുത സിഡിയും പ്രിന്റൗട്ടും ശേഖരിച്ച് ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതും ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

29/9/09

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്
എല്ലാ DDE-മാർക്കും
എല്ലാ പ്രഥമ അധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർ,
ഐ.ടി@സ്കൂൾ പ്രോജക്ട്.

## അനുബന്ധം (I)

## 8,9,10 ക്ളാസുകളിലെ അർദ്ധ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ

പ്രായോഗിക പരീക്ഷയ്ക്ക് 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി.ശേഷികൾ പരിശോധിക്കുന്നതിനും 2 സ്കോർ ഐ.ടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 18 സ്കോറിനുള്ള ഉത്തരങ്ങളും പ്രായോഗികപരീക്ഷ നടത്തുന്ന അദ്ധ്യാപകർ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് കുട്ടികൾ ഉത്തരം നല്കേണ്ടത്. 8, 9, 10 ക്ലാസ്സുകളിലെ അർദ്ധവാർഷിക ഐ.ടി പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളും പരീക്ഷയിൽ ഓരോ പാഠഭാഗത്തിനുമുള്ള സ്കോറുകളും താഴെക്കൊടുത്തിരിക്കുന്നു.

### സ്റ്റാൻഡേർഡ് - VIII

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്ക്കോർ | ആകെ സ്ക്കോർ |
|---|---|---|---|---|---|---|
| 1. | Part I | മൗസ് പ്രാക്ടീസ്<br>കീബോർഡ് പ്രാക്ടീസ് | 6 | 3 | 4 X 3 | 12 |
| 2. | Part-II | ടക്സ് പെയിന്റ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| ആകെ സ്ക്കോർ | | | | | | 20 |

## സ്റ്റാൻഡേർഡ് - IX

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 2 | 1 | 4 | 4 |
| | | ഇംപ്രസ്/ വേർഡ് പ്രോസസ്സർ | 2 | 1 | 4 | 4 |
| | | ഇംപ്രസ് | 2 | 1 | 4 | 4 |
| 2 | Part-II | ജിമ്പ്/എക്സ് പെയിന്റ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| ആകെ സ്കോർ | | | | | | 20 |

## സ്റ്റാൻഡേർഡ് - X

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 2 | 1 | 4 | 4 |
| | | സ്പ്രെഡ്ഷീറ്റ് | 2 | 1 | 4 | 4 |
| | | ഇംപ്രസ് | 2 | 1 | 4 | 4 |
| 3 | Part-II | ജിമ്പ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| ആകെ സ്കോർ | | | | | | 20 |